# *സ്തുതിയുടെ അർദ്ധരാത്രി ( PRAISE AT MIDNIGHT)*

*സങ്കീ(119.57,64)*

വേദവ്യാഖ്യാതാവായ മാത്യൂ ഹെന്റിയുടെ പണം ആരോ ഒരിക്കൽ അപഹരിച്ചു. ഇതു മനസ്സിലാക്കിയ അദ്ദേഹം മോഷ്ടാവിനെ പ്രാകുകയോ,ദുഷിക്കുകയോ ചെയ്തില്ല. മറിച്ച് ദൈവസന്നിധിയിൽ നാല് പ്രത്യേക കാര്യങ്ങൾക്ക് നന്ദി പറയുകയാണ് ചെയ്തത്. (1) ദൈവിക കാവൽ തനിക്ക് ഉള്ളതിനാൽ മോഷ്ടാവ് തന്റെ ജീവന് ഉപദ്രവം ഉണ്ടാക്കിയില്ല. (2) മോഷണം നടന്നപ്പോൾ തന്റെ കൈവശം വളരെ തുഛമായ പണമേ ഉണ്ടായിരുന്നുള്ളു.(3) ഇതിന് മുൻപ് ഒരിക്കലും തന്റെ പണം നഷ്ടമാകാഞ്ഞതിന് (4) തന്റെ പണം നഷ്ടമായി എങ്കിലും മറ്റാർക്കും ധനനഷ്ടം ഉണ്ടാകാഞ്ഞതിനാലും ദൈവത്തോടെ നന്ദി പറഞ്ഞു.

ഏത് പ്രതികൂലത്തിലും സോത്രം ചെയ്യുവാൻ രൂപാന്തരപ്പെട്ട ഒരു ദൈവപൈതലിനേ കഴിയുകയുള്ളു. അർദ്ധ രാത്രി എന്നത് കൂരിരുട്ട് കയറി വരുന്ന സമയമാണ് ഇന്നത്തെ വായനഭാഗത്ത് (സങ്കീ.119.57-64) അർദ്ധരാത്രിയിൽ സങ്കീർത്തനക്കാരൻ എഴുന്നേറ്റത് ശത്രുവിനെ ഭയന്നോ ,തന്റെ കുടുംബത്തിന്റെ അവസ്ഥ ഓർത്തിട്ടോ അല്ല പിന്നെയോ ദൈവത്തോടുള്ള കൃതജ്ഞത കൊണ്ടാണ് തന്റെ ചുറ്റും പരിചയും, മഹത്വവും തന്റെ തല ഉയർത്തുന്നവനുമായ ദൈവത്തെ സ്തുതിപ്പാനുള്ള കാരണം അവൻ നീതിയുള്ള ന്യായാധിപനായതുകൊണ്ടാണ്.

ദുഷ്ടൻമാരുടെ പാശങ്ങൾ എന്നെ ചുറ്റിയിരിക്കുന്നു(സങ്കീ 119.61) ദൈവഭക്തനെ സമൂഹത്തിൽ നിന്ന് തള്ളിക്കളവാൻ ശ്രമിക്കുന്നതും പാശങ്ങൾ കൊണ്ട് ബന്ധിച്ച് തളയ്ക്കുന്നതും സാത്തന്റെ അടവുകളാണ്. ഇതിൽ ദൈവപൈതൽ ഭയപ്പെടുന്നില്ല. കാരണം യഹോവയുടെ ന്യാപ്രമാണം ഓർത്തപ്പോൾ എതിരാളിയോടുള്ള പ്രതികാരം മറന്നു. തനിക്കുവേണ്ടി ന്യായം വിധിക്കുന്ന ആനീതിമാന് സോത്രം ചെയ്യുവാൻ തയ്യാറാകുന്നു

***(1 പത്രോ1.17)(2 തിമൊ.4.8)(2പത്രോ.2.23)***

അർദ്ധരാത്രി നല്ല ഉറക്കത്തിലാക്കുന്ന സമയമാകയാൽ ഉണർത്തലും കിടക്കവിട്ടെഴുന്നേൽക്കുവാൻ പലരും മടിക്കും. എന്നാൽ ദാവീദ് ആ സമയത്ത് മുട്ടുമടക്കിയത് ആരുടെയും പ്രശംസനേടുവാനല്ല. (1) പിന്നെയോ രാത്രിയുടെ ഏകാന്തത അവന്റെ ശക്തി ആയിരുന്നു. പകൽ നേരത്ത് പുറമേയുള്ള കാര്യങ്ങൾ നമ്മുടെ പ്രാർത്ഥനയെ സ്വാധീനിച്ചേക്കാം എന്നു മാത്രമല്ല. ദീർഘസമയം ലഭ്യവുമല്ല.(2) ഒരു ദിവസത്തിന്റെ അവസാനം ആണ് അർദ്ധരാത്രി,എങ്കിലും പുതുപുലരിയുടെ ആരംഭവുമാണ് അത്. പുതിയ കാഴ്ചപ്പാട് അറിവ് ദർശനം ഇവ ലഭിപ്പാൻ ഇത് നല്ല സമയമാണ്. (ദാനിയേൽ (2.16-23)

***ഉല്പത്തി 32.24) 1ശമുവേൽ 15.11)(ലൂക്കോസ് 6.12)***

***ദൈവത്തെ സ്തുതിപ്പാനുള്ള കാരണങ്ങൾ 1 പത്രോസ് 2.9***

എന്തിനും ഏതിനും ദൈവത്തോട് ആലോചന ചോദിക്കുന്ന യോശുവ യെരിഹോ വീണബലത്താൽ ഹായ് പട്ടണത്തെയും തകർക്കുമെന്ന്കരുതി ശ്രമം വിപുലമായിപ്പോയപ്പോൾ മനസ്സിലായി പഴയ സാക്ഷ്യത്തിന്റെ ബലം പോര അടുത്തതിനെന്ന്. പണ്ട് പല കാര്യങ്ങളും ചെയ്തിരിക്കാം എന്നാൽ അന്നന്നത്തേക്കാവശ്യമായ അഭിഷേകത്തിനായി അർദ്ധരാത്രിയിൽ യഹോവയുടെ മുമ്പാതെ മുട്ടുമടക്കുക.ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ

*ശാന്തമ്മ വറുഗീസ്*

*വടശ്ശേരിക്കര*